# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം. 381

19.03.2018-ൽ മറുപടിക്ക്

## തീരദേശമേഖലയുടെ വികസനത്തിന് പ്രത്യേക പാക്കേജ്

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.വി.എസ്.ശിവകുമാർ<br>,, കെ.എസ്.ശബരീനാഥൻ<br>,, എം. വിൻസെന്റ്<br>,, അനൂപ് ജേക്കബ് | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | തീരദേശമേഖലയുടെ ഏകീകൃത വികസനത്തിന് പ്രത്യേക പാക്കേജിന് രൂപം നൽകിയിട്ടുണ്ടോ; വിശദാംശം നൽകമോ; | (എ) | തീരദേശത്തിന്റെ സമഗ്രവികസനത്തിനായി 2000 കോടി രൂപയുടെ ഒരു പാക്കേജ് നടപ്പിലാക്കുമെന്ന് 2018-19 ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടു ണ്ട്<br>തീരദേശ വികസന പാക്കേജിന്റെ വിശദമായ പദ്ധതി രേഖ ആഗോള അംഗീകാരമുള്ള ഒരു ഏജൻസിയെക്കൊ ണ്ട് തയ്യാറാക്കുന്നതിന് 10 കോടി രൂപ വകയിരുത്തിയിട്ടു ണ്ട്<br>മത്സ്യത്തൊഴിലാളികളുടെ സാമൂഹിക സാമ്പത്തിക പശ്ചാത്തലം കൂടി പരിഗണിച്ച് അന്തർദേശീയ നിലവാരത്തിലുള്ള DPR തയ്യാറാക്കുന്നതിന് സഹായകമായ സമീപന രേഖ തയ്യാറാക്കാൻ വിദഗ്ദ്ധരെ ഉൾപ്പെടുത്തി ഒരു സമിതി രൂപീകരിച്ചിട്ടുണ്ട്. ടി സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ DPR തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | മത്സ്യത്തൊഴിലാളികളുടെ സമഗ്ര ഡേറ്റാ ബാങ്ക് തയ്യാറാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മത്സ്യത്തൊഴിലാളി കൾക്ക് ബയോമെട്രിക് കാർഡുകൾ തയ്യാറാ ക്കുന്നതിലേക്ക് വിവര ശേഖരണം നടത്തി യിട്ടു ണ്ട്. ആയത് പ്രകാരം 1,68,757 ബയോമെട്രിക് കാർഡുകൾ തയ്യാറാക്കി വിതരണം ചെയ്തിട്ടുള്ളതുമാണ്. |
| (സി) | എല്ലാ രജിസ്റ്റേർഡ് മത്സ്യത്തൊഴിലാളികൾക്കും ഫാമിലി കാർഡ് നൽകുന്നതിനും മത്സ്യഭവനുകൾ കൂടുതൽ പ്രവർത്തനക്ഷമമാക്കുന്നതിനും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളും മാനവശേഷിയും ഉറപ്പാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (സി) | മത്സ്യത്തൊഴിലാളികൾക്ക് ഫാമിലി കാർഡ് നൽകുന്ന പദ്ധതി നടപ്പാക്കുന്നില്ല. മത്സ്യഭവനുകൾ അടിസ്ഥാന സൗകര്യമില്ലാ തെയും ആവശ്യത്തിന് മാനവവിഭവ ശേഷിയി ല്ലാതെയുമാണ് പ്രവർത്തിച്ചു വരുന്നത്. ഇവ പരിഹരിക്കുന്നതിന് മുന്തിയ പരിഗണന നൽകു ന്നതാണ്. അ താത് പ്രദേശത്തെ മത്സ്യത്തൊഴി ലാളികളുടെ എണ്ണം, മത്സ്യകൃഷിയ്ക്കുള്ള സാധ്യത എന്നിവയെ അടിസ്ഥാനമാക്കി മത്സ്യ ഭവനുകൾ ശക്തിപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (ഡി) | മത്സ്യത്തൊഴിലാളികൾക്ക് സബ്സിഡി നിരക്കിൽ മണ്ണെണ്ണ ലഭിക്കുന്നില്ലായെന്ന പരാതി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; സബ്സിഡി നിരക്കിൽ മണ്ണെണ്ണ നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ഡി) | പൊതു വിതരണ സംവിധാനത്തിലൂടെ ലഭിക്കുന്ന മണ്ണെണ്ണയുടെ വിഹിതം ഘട്ടം ഘട്ടമായി കേന്ദ്ര സർക്കാർ വെട്ടിക്കുറച്ചു വരുന്നതിനാൽ ഭക്ഷ്യ-സിവിൽ സപ്ലൈസ് വകുപ്പ് മുഖേന മത്സ്യത്തൊഴിലാളികൾക്ക് നൽകിവരുന്ന PDS മണ്ണെണ്ണയുടെ വിഹിതം കുറയുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേന്ദ്ര സർക്കാരിനോട് മണ്ണെണ്ണ വിഹിതം ഉയർത്തി തരികയോ, മത്സ്യത്തൊഴിലാളികൾക്ക് മാത്രമായി പ്രത്യേക വിഹിതം ലഭ്യമാക്കുകയോ ചെയ്യാൻ പലവട്ടം കേന്ദ്രത്തോട് ആവശ്യപ്പെട്ടെങ്കിലും അനുകൂല നടപടി ഉണ്ടായിട്ടില്ല. എങ്കിലും, മത്സ്യത്തൊഴിലാളികൾക്ക് സംസ്ഥാനത്തെ തീരദേശ ജില്ലകൾ കേന്ദ്രീകരിച്ച് മത്സ്യഫെഡിന്റെ 13 ബങ്കുകളിലൂടെ സബ്സിഡി നിരക്കിൽ വെള്ള മണ്ണെണ്ണ വിതരണം ചെയ്യുന്നതിന് ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. (ലിറ്റർ ഒന്നിന് 25 രൂപ നിരക്കിൽ സംസ്ഥാനമൊട്ടുക്ക് പ്രതിമാസം ആകെ 2525 കിലോ ലിറ്റർ.) |

[signature]

സെക്ഷൻ ഓഫീസർ